സെപ്പറേറ്റ് സ്കീമായിട്ടെടുത്ത് ആ ബൈപാസുകൾ പൂർത്തീകരിക്കാൻ—കൂടുതൽ ബൈപ്പാസുകളെക്കുറിച്ച് ആലോചിക്കുന്നതിനു മുൻപ് ആദ്യത്തെ ബൈപ്പാസുകൾ തീർക്കുകയെന്നുള്ളതിനായിരിക്കണം നമ്മൾ മുൻഗണന നൽകേണ്ടത്. ഏതായാലും ഈ എൻക്രോച്ചുമെന്റുകൾക്ക് റിഹാബിലിറ്റേഷൻ കൊടുക്കുമെന്ന് ഞാൻ പ്രഖ്യാപിച്ചുകഴിഞ്ഞാൽ നാളെ മുതൽ ബാക്കിയുള്ള സ്ഥലത്ത്കൂടി ആളുകൾ കച്ചവടം തുടങ്ങും. അതുകൊണ്ട് എനിക്ക് അതൊരിക്കലും പറയാൻ സാധിക്കില്ല. എൻക്രോച്ച്മെന്റ് എന്നുപറുന്നത് നിയമവിരുദ്ധമാണ്, എൻക്രോച്ച്മെന്റിനെ എൻക്രോച്ച്മെന്റായിത്തന്നെ കാണണം.

ശ്രീ. എം. എ. വാഹിദ്: സർ, നാഷണൽ ഹൈവേകൾ വികസിച്ച് വികസിച്ച് വന്ന് ഇപ്പോൾ പല സ്ഥലങ്ങളും ചമ്പൽക്കാടുകൾ പോലെയാണ്. വെളിച്ചം ഇല്ലാത്ത സ്ഥിതിവിശേഷമാണ്. അതുകൊണ്ട് അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ഏകദേശം ഇരുപത് ഇരുപത്തിരണ്ട് മീറ്ററോളം നാഷണൽ ഹൈവേയാണ്. അതിൽ പല സ്ഥലത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ നാഷണൽ ഹൈവേകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കണമെങ്കിൽ ഒരുപാട് സാമ്പത്തിക ചെലവുവരുമെന്നുള്ളതുകൊണ്ട് ലോക്കൽ ബോഡീസ് ഒന്നും അതിനു തയ്യാറാകുന്നില്ല. അതുകൊണ്ട് നാഷണൽ ഹൈവേയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി തെരുവ് വിളക്കുകൾ അടിയന്തിരമായി സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. കെ. മുനീർ: സർ, ഇപ്പോൾ തുടർന്നുവരുന്ന ഒരു ശീലമനുസരിച്ച് ആരെങ്കിലും ഒരു പാലം നിർമ്മിച്ചുകഴിഞ്ഞാൽ അവിടെ ലൈറ്റ് അവരുടെ വകയായിട്ട് കൊണ്ടുവയ്ക്കും. എന്നിട്ട് അവിടത്തെ പഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ അതിന്റെ ഇലക്ട്രിസിറ്റി ചാർജ് കൊടുത്തുകൊണ്ടിരിക്കുന്ന ഒരു സിസ്റ്റമാണുള്ളത്. ഏതായാലും റോഡ് സേഫ്റ്റിയുടെ ഭാഗമായി പണമനുവദിക്കണമെന്നു പറയുമ്പോൾ തെരുവ് വിളക്കുകളടക്കം അതിൽ ഉൾപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് നിർദ്ദേശിക്കാൻ ശ്രമിക്കാം.

സിനിമാ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

*2 [257] ശ്രീ. പി. എസ്. സുപാൽ:
,, കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ നിർമ്മാണവും വിതരണവും പ്രദർശനവും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിന് റവന്യൂ വരുമാനവും, തൊഴിലവസരങ്ങളും ജനങ്ങൾക്ക് വിനോദവും കലയും സംസ്ക്കാരവും സംഭാവന ചെയ്യുന്ന സിനിമാ വ്യവസായ മേഖലയുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഒരു കമ്മീഷനെ നിയമിക്കുമോ;

(സി) ഇതിനുമുമ്പ് ഇതു സംബന്ധിച്ച് ഏതെങ്കിലും കമ്മിറ്റിയേയോ കമ്മീഷനേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഇ) സിനിമാ വ്യവസായ മേഖലയിൽനിന്ന് സർക്കാരിന് വർഷംതോറും ലഭിക്കുന്ന വരുമാനം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(എഫ്) ചലച്ചിത്ര വികസന കോർപ്പറേഷൻ, അക്കാദമി തുടങ്ങിയ വിവിധ സമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ എന്നു വ്യക്തമാക്കാമോ;

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ):

(എ) സിനിമാ രംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മന്ത്രിസഭാ ഉപസമിതി 2-7-2004-ൽ സിനിമാരംഗത്തെ സംഘടനകളുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കമ്മീഷനെ നിയോഗിക്കേണ്ടതില്ല. പ്രശ്നങ്ങൾ മന്ത്രിസഭാ ഉപസമിതി സിനിമാ സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ തീരുമാനം കൈക്കൊള്ളും.

(സി) ഉണ്ട്, റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ഇ) (a) സർവീസ് ചാർജ് ഇനത്തിൽ ഏകദേശം 65 ലക്ഷം രൂപ വാർഷിക വരുമാനമായി ചലച്ചിത്ര അക്കാഡമിക്ക് ലഭിക്കുന്നുണ്ട്.

(b) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള വരുമാനത്തിന്റെ കണക്ക് ശേഖരിച്ചുവരുന്നു.

(എഫ്) അത്തരം സംവിധാനം ഇപ്പോൾ നിലവിലില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, മലയാള സിനിമാരംഗം മുന്നോട്ടുപോകാത്ത തരത്തിൽ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതിൽ എല്ലാവർക്കും കടുത്ത ആശങ്കയുണ്ട്. ഇതുസംബന്ധിച്ച് വല്ല കമ്മിഷനെയോ, കമ്മിറ്റിയേയൊ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചിട്ടുണ്ടോ എന്നുള്ള ഒരു ചോദ്യത്തിന് അങ്ങ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട് എന്ന് മറുപടി പറയുകയുണ്ടായി. സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് കമ്മിറ്റിയെ നിയോഗിച്ചത്. ആ കമ്മിറ്റിയുടെ റിപ്പോർട്ട് എന്താണ്; ശുപാർശകൾ എന്താണ്; ആ ശുപാർശകൾ നടപ്പിലാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, സിനിമാരംഗത്തെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച ഒരു കമ്മിറ്റിയുണ്ട്. എക്സ്പെന്റിച്ചർ സെക്രട്ടറി, ശ്രീ. വി. എസ്. സെന്തിൽ, ലോക്കൽ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി ശ്രീ. പി. കമാൽകുട്ടി, സാംസ്കാരിക വകുപ്പു സെക്രട്ടറി ശ്രീ. ടി. ബാലകൃഷ്ണൻ എന്നിവരടങ്ങുന്ന കമ്മിറ്റിയാണ് അത്. ആ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ആ കമ്മിറ്റി പ്രധാനമായും പരിഗണിച്ചത് സിനിമാ വ്യവസായം നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിയെന്ന നിലയിൽ എന്റർറ്റെയിൻമെന്റ് ടാക്സ് കുറയ്ക്കുന്ന കാര്യവും, അതുപോലെ അമ്യൂസ്മെന്റ് പാർക്കുകളെ സംബന്ധിക്കുന്ന കാര്യവുമാണ്. ആ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ മലയാള സിനിമാവ്യവസായം നിലനിൽക്കണമെങ്കിൽ എന്റർറ്റെയിൻമെന്റ് ടാക്സിൽ കുറവു വരുത്തിക്കൊടുക്കണമെന്നുള്ള ശുപാർശയാണ് ഗവൺമെന്റിന് നൽകിയിട്ടുള്ളത്. മന്ത്രിസഭാ ഉപസമിതി ആ റിപ്പോർട്ട് വിശദമായി പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സിനിമാ സംഘടനകളുമായി ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അടുത്ത മന്ത്രിസഭാ യോഗങ്ങളിൽ ഇതു സംബന്ധിച്ച ആ കമ്മിറ്റിയുടെ ശുപാർശകൂടി പരിഗണിച്ച് തീരുമാനമെടുക്കാനാണ് ഉദ്ദേശിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യോത്തര സമയത്ത് അംഗങ്ങൾ അവരവരുടെ സീറ്റിൽ ഇരുന്നാൽ കൊള്ളാം.

ശ്രീ. പി. എസ്. സുപാൽ: സർ, മലയാള സിനിമാരംഗത്ത്, അതിന്റെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട് പല പ്രശ്നങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ രംഗവുമായി ബന്ധപ്പെട്ട സകല സമിതികളും അതുപോലെതന്നെ കമ്മിറ്റിയുമൊക്കെ ആ കാര്യങ്ങൾ ഗവൺമെന്റിന് മുൻപാകെ കൊണ്ടുവന്നിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. പലപ്പോഴും മലയാള സിനിമാ രംഗവുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ വ്യാജ സി.ഡി., അതുപോലെ വ്യാജ കാസറ്റുകളുടെ നിർമ്മാണവും വിതരണവും—ഒരു സിനിമ റിലീസായാൽ തൊട്ടടുത്ത ദിവസം അതിന്റെ കാസറ്റുകൾ ഇറങ്ങുന്നുണ്ട്—അതുപോലെയുള്ള വ്യാപകമായ ഗുരുതരമായ പ്രശ്നങ്ങൾ സിനിമാരംഗവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ട്. വ്യാജ കാസറ്റുകളും വ്യാജ സി.ഡി.-യും ഇന്ന് വ്യാപകമായി നമ്മുടെ സംസ്ഥാനത്തിനകത്തും പുറത്തും ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് പല അവസരങ്ങളിലും ഇതു തടയണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ട്. പക്ഷെ ഫലത്തിൽ അതിന് ഒരു നടപടിയും ഉണ്ടാകാത്ത സാഹചര്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

നമുക്ക് കാണാൻ കഴിയുന്നത്. കർശനമായി ഇത് നേരിടുവാൻ, വ്യാജ കാസറ്റുകളും, വ്യാജ സി.ഡി.-കളും നിരോധിക്കാനും ഈ രംഗത്തുള്ള പ്രശ്നങ്ങൾ പരിഹരിക്കാനും ഗവൺമെന്റ് ആവശ്യമായിട്ടുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> സിനിമാ ബന്ദ് നടത്തിയവർ തന്നെ ഉന്നയിച്ചിട്ടുള്ള പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്ന് ഈ വീഡിയോ പൈറസിക്ക് എതിരായി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നപ്പോൾ സിനിമാസംഘടനകൾ പ്രത്യേകിച്ച് അമ്മയുടെ ഭാരവാഹികൾ ഏതാനും മാസങ്ങൾക്ക് മുൻപ് മുഖ്യമന്ത്രിയെ കണ്ട അവസരത്തിൽ തന്നെ ഇതിനുവേണ്ടിയിട്ടുള്ള ശക്തമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി പോലീസ് വകുപ്പിന് നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ വീഡിയോ പൈറസി തടയുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിന് ഒരു പ്രത്യേക വിംഗ് തന്നെ ഡി.ഐ.ജി.-യുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. സിനിമാ സംഘടനകൾ ആവശ്യപ്പെടുന്നത് അത് തടയുന്നതിന് എല്ലാ ജില്ലകളിലും സെല്ലുകൾ ഉണ്ടാക്കണമെന്നും ദക്ഷിണേൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ ഉള്ളതുപോലെ ഇതിന് പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരണമെന്നുമാണ്. മന്ത്രിസഭാ ഉപസമിതി ആ ആവശ്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ:</u> കമ്മിറ്റിയുടെ ശുപാർശ മന്ത്രിസഭാ ഉപസമിതി പരിഗണിക്കുമെന്നും മന്ത്രിസഭയിൽ അതിനെ സംബന്ധിച്ച് ചർച്ച നടത്തുമെന്നും പറഞ്ഞല്ലോ. പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ടാക്സ് ഒരു പ്രധാന വിഷയമാണ്. ഇന്നും 48 ശതമാനം ടാക്സാണ് സിനിമാ ഇൻഡസ്ട്രീസിന്. അവർക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. മറ്റ് സംസ്ഥാനങ്ങളിൽ ഇതിനേക്കാൾ കുറവാണ്. ചിലയിടങ്ങളിൽ ടാക്സ് തീരെയില്ല. പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രധാന വരുമാന മാർഗ്ഗം ഈ ടാക്സാണ്. ഈ ടാക്സ് നിന്നു പോയാൽ പിടിച്ചുനിൽക്കാൻ വിഷമം വരും. ടാക്സ് കുറയ്ക്കുകയും വേണം, എന്നാൽ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും നമുക്ക് സഹായിക്കാൻ കഴിയുകയും വേണം. അത് കോംപൻസേറ്റ് ചെയ്യത്തക്കവിധത്തിൽ പഞ്ചായത്തുകൾക്ക് ഗ്രാന്റായി മറ്റു വിധത്തിൽ അത് കോംപൻസേറ്റ് ചെയ്യത്തക്കവിധത്തിലുള്ള നടപടിയെക്കുറിച്ചുകൂടി ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> ഈ രണ്ട് വിഷയങ്ങളും തുല്യ പ്രാധാന്യമുള്ളതായതുകൊണ്ട് ഇത് രണ്ടും അർഹിക്കുന്ന ഗൗരവത്തോടുകൂടി ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബഹുമാന്യരായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും സാംസ്കാരിക വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടുന്ന ഒരു സബ്കമ്മിറ്റി, പ്രത്യേകിച്ച് മലയാള സിനിമാ വ്യവസായം ഇന്ന് നേരിടുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രതിസന്ധിക്ക് പ്രധാന കാരണം ഇത്രയും വലിയ എന്റർടെയിൻമെന്റ് ടാക്സാണ്. ഇതിന്റെ പശ്ചാത്തലം ചൈനീസ് ആക്രമണകാലത്ത് എന്റർടെയിൻമെന്റ് ടാക്സ് വർദ്ധിപ്പിച്ചതാണ്. അന്ന് പ്രതിരോധ വകുപ്പിന്റെ ചെലവിലേയ്ക്ക് ഈ വർദ്ധിപ്പിച്ച ശതമാനം ടാക്സ് കൊടുക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ടാക്സ് വർദ്ധിപ്പിച്ചത്. അതു കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞു. അന്ന് വർദ്ധിപ്പിച്ച ടാക്സ് മൊത്തം ടാക്സിൽ ലയിച്ചുപോയി. ഈ 45 ശതമാനം ടാക്സ്, ഇത്രയും വലിയ എന്റർടെയിൻമെന്റ് ടാക്സ്, ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തുമില്ല; പ്രത്യേകിച്ച് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ടാക്സ് ഘടനയുമായി നോക്കുമ്പോൾ ഇത് വളരെ കൂടുതലാണ്. അതുകൊണ്ട് ടാക്സ് കുറയ്ക്കുകയും വേണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം പൂർണ്ണമായും നഷ്ടപ്പെടാത്ത രൂപത്തിൽ മറ്റേതെങ്കിലും തരത്തിലുള്ള ആൾട്ടർനേറ്റീവ് സംവിധാനം ഉണ്ടാക്കണം. അതിനെക്കുറിച്ച് വളരെ ഗൗരവമായി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, സിനിമാ വ്യവസായവുമായി ബന്ധപ്പെട്ടു കൊണ്ട് വളരെയധികംപേർ സിനിമയിൽ അഭിനയിക്കുന്നവർ മാത്രമല്ല ലൈറ്റ് ബോയ് മുതൽ സാങ്കേതിക മേഖലയിലുൾപ്പെടെ പോസ്റ്റർ ഒട്ടിക്കുന്നവരടക്കം ആയിരക്കണക്കിനാളുകൾ തൊഴിലെടുക്കുന്നുണ്ട്. ഇപ്പോൾ സിനിമാ രംഗത്തേക്കാൾ കൂടുതലായി സീരിയലും മെഗാസീരിയലുമായി ബന്ധപ്പെട്ടു കൊണ്ട് പതിനായിരക്കണക്കിനാളുകൾ തൊഴിലെടുക്കുന്നുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. അതുകൂടെ കണക്കിലെടുത്ത് അവരെ സംരക്ഷിക്കുന്നതിനുതകുന്ന ഒരു ക്ഷേമനിധി ഉൾപ്പെടെയുള്ള കാര്യങ്ങൾ ഒരു നിയമ നിർമ്മാണത്തിലൂടെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ഇത് വളർന്ന് വികസിച്ചുവരുന്ന ഒരു രംഗമാണ്. ഗവൺമെന്റ് എന്തെങ്കിലും ഒരു നടപടി സ്വീകരിക്കുന്നത് അതിന്റെ എല്ലാ വശവും ആലോചിച്ചിട്ടുവേണം. ഇത് പരിഗണിക്കാവുന്നതാണ്.

ശ്രീ. എൻ. രാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ 'ഇ' ചോദ്യത്തിനുത്തരം, സർക്കാരിന് സർവീസ് ചാർജ് ഇനത്തിൽ 65 ലക്ഷം രൂപ ലഭിക്കുന്നുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കണക്ക് ശേഖരിച്ചു വരികയാണെന്നുമാണ്. കൂടാതെ കേരളാ സിനിമാ റെഗുലേഷൻസ് റൂൾ 16 അനുസരിച്ചുള്ള പരിശോധനയുമുണ്ട്. കേരള സിനിമാ റെഗുലേഷൻസ് റൂൾ 32 അനുസരിച്ചുള്ള പരിശോധനയുമുണ്ട്. അതനുസരിച്ച് ലക്ഷക്കണക്കിന് രൂപയാണ് ഖജനാവിലേയ്ക്ക് വരുന്നത്. അതുംകൂടി സിനിമാ വ്യവസായം വികസിപ്പിക്കുന്നതിന് വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, ഇപ്പോൾ സർവീസ് ചാർജിനത്തിൽ ഒരു രൂപാ ഈടാക്കുന്നുണ്ട്. ഷോ ടാക്സ് വളരെ ചെറിയ തുകയാണ്. സർവീസ് ചാർജ് ഈടാക്കുന്നതിൽനിന്നും 75 ലക്ഷം രൂപ അവശകലാകാരൻമാരുടെ പെൻഷൻ ആവശ്യത്തിന് ഉപയോഗിക്കുന്നതിന് ചലച്ചിത്ര അക്കാദമിക്ക് കൊടുക്കാൻ ധാരണയായിട്ടുണ്ട്. ഇക്കാര്യം പ്രത്യേകമായി പരിഗണിക്കാവുന്നതാണ്.

ശ്രീ. എൻ. രാജൻ: സർ, റവന്യൂ വരുമാനം ലഭിക്കുന്ന പല മാർഗ്ഗങ്ങളുമുണ്ട്. അതുപോലെതന്നെ തീയേറ്ററുകളിൽ പണിയെടുക്കുന്ന സ്കിൽഡും അൺസ്കിൽഡുമായ ആയിരക്കണക്കിന് ജീവനക്കാരുണ്ട്. ഇതൊക്കെ ചേർത്തുകൊണ്ട് ഇതിനെ സംബന്ധിച്ച് ഒരു സമിതിയെ നിയമിച്ച് പഠിച്ച് നടപടികൾ എടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, തീയേറ്ററുകളിൽ പണിയെടുക്കുന്നവർക്ക് പ്രത്യേകമായ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ സിനിമാ സംഘടനകൾ വച്ചിട്ടുണ്ട്. സർവീസ് ചാർജിനത്തിൽ വർദ്ധനവ് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വർദ്ധനവ് ഗവൺമെന്റ് അംഗീകരിക്കുകയാണെങ്കിൽ അതിൽനിന്നും സിനിമാ തീയേറ്ററുകളിൽ പണിയെടുക്കുന്ന, ഇപ്പോൾ പെൻഷൻ ലഭിക്കാത്ത ആളുകൾക്ക് സൗകര്യം കൊടുക്കുന്ന കാര്യം അവർ നിർദ്ദേശിച്ചിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഒരു കോടി രൂപ മുതൽമുടക്കി പടം പിടിക്കുന്ന ഒരു പ്രൊഡ്യൂസർക്ക് നാലരക്കോടി രൂപ തീയേറ്ററിൽനിന്നും കളക്ട് ചെയ്താൽ മാത്രമേ മുതൽമുടക്ക് മടക്കിക്കിട്ടൂ. അല്ലെങ്കിൽ അത് നഷ്ടമാണ്. ഇത് പരിഹരിക്കുന്നതിന് ഫിലിം ചേമ്പർ കുറച്ച് നിർദ്ദേശങ്ങളടങ്ങിയ നിവേദനം സമർപ്പിച്ചിരുന്നു. അതിന്റെ ഇന്നത്തെ അവസ്ഥ എന്താണ്; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഫിലിം ചേമ്പർ ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായിട്ടുമുള്ളത് എന്റർടെയിൻമെന്റ് ടാക്സുമായി ബന്ധപ്പെട്ടാണ്. മറ്റു ചില ആവശ്യങ്ങളുള്ളത് ഷൂട്ടിംഗിന് ക്ലിയറൻസ് കൊടുക്കാൻ പ്രത്യേക സംവിധാനം വേണം, അതിന്റെ തുക കുറയ്ക്കണം എന്നിങ്ങനെയാണ്. ഇലക്ട്രിസിറ്റി ചാർജ് സംബന്ധിച്ച ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റി നിലവിൽ വന്നതിനുശേഷം എല്ലാ തരത്തിലുള്ള താരിഫ് കൺസഷൻ നൽകുന്നത് സംബന്ധിച്ചും തീരുമാനം എടുക്കുന്നത് അവരാണ്. അതുകൊണ്ട് ഗവൺമെന്റിന് അക്കാര്യത്തിൽ അധികാരം പരിമിതപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി അതോറിറ്റിയുടെ മുമ്പിൽ ഇക്കാര്യം ഉന്നയിക്കാനാണ് ഞങ്ങൾ അവരോട് പറഞ്ഞത്. എന്റർടെയിൻമെന്റ് ടാക്സിന്റെ കാര്യം ഞങ്ങൾ പരിഗണിക്കാം. പ്രൊഡക്ഷൻ ചാർജ് വർദ്ധിച്ചതിന് ഗവൺമെന്റ് ഉത്തരവാദിയല്ല. 25 കൊല്ലങ്ങൾക്കുമുൻപ് മുന്നോ നാലോ ലക്ഷം രൂപ മുടക്കിയാണ് ഒരു ചിത്രം നിർമ്മിച്ചിരുന്നതെങ്കിൽ ഇന്ന് ഒന്നോ രണ്ടോ കോടി രൂപ മുടക്കിയാണ് ബിഗ്

ബഡ്ജറ്റ് ചിത്രം നിർമ്മിക്കുന്നത്. അതിന്റെ ഉത്തരവാദി ഗവൺമെന്റല്ല; സിനിമാ രംഗത്തുള്ള ആളുകളാണ്. അത് കുറയ്ക്കണമെന്നത് സംബന്ധിച്ച് ഫിലിം ചേമ്പറുമായിട്ടാണ് ആലോചിക്കേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ അവശകലാകാരൻമാരെക്കുറിച്ച് സൂചിപ്പിച്ചു. അടൂർ ഭവാനിയും അടൂർ പങ്കജവും വാർദ്ധക്യംകൊണ്ട് ജീവിക്കാൻ നിവൃത്തിയില്ലാതെ കട്ടിലിൽ കിടക്കുകയാണ്. ഈ പാവപ്പെട്ട അവശകലാകാരികളെ സഹായിക്കുന്നതിന്, പ്രത്യേകിച്ച് അവർ ചെയ്ത സേവനങ്ങളെ പരിഗണിച്ച് എന്തെങ്കിലും സഹായം നൽകുമോ; ഇതിന് ഗവൺമെന്റ് എന്തെങ്കിലും നടപടി എടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട അടൂർ എം.എൽ.എ.-യുടെ ലിസ്റ്റിൽ അടൂർ പങ്കജവും അടൂർ ഭവാനിയും മാത്രമേ അവശ കലാകാരന്മാരായിട്ടുള്ളൂ. അടൂർ മാസി മരിച്ചുപോയത് ഭാഗ്യമായി. അല്ലെങ്കിൽ അതുംകൂടി ചോദിച്ചേനെ. അവശകലാകാരൻമാർക്ക് പെൻഷൻ കൊടുക്കാനുള്ള പദ്ധതിയുണ്ട്. അടൂർ ഭവാനിക്കും അടൂർ പങ്കജത്തിനും ഗവൺമെന്റും സാംസ്കാരിക വകുപ്പും ചലച്ചിത്ര അക്കാദമിയും സഹായം കൊടുത്തിട്ടുണ്ട്. അവശകലാകാരൻമാരെ പരിഗണിക്കുന്ന പദ്ധതിയനുസരിച്ചാണ് അവർക്ക് സഹായം നൽകിയത്. ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് ഏതായാലും അവശ കലാകാരൻമാർക്കുള്ള സഹായം ലഭിക്കാനിടയില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, മലയാള സിനിമയ്ക്ക് എന്റർടെയിൻമെന്റ് ടാക്സ് കുറച്ചുകൊടുക്കുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുന്നുണ്ട് എന്ന് പറഞ്ഞതിൽ സന്തോഷമുണ്ട്. കേരളത്തിൽ ലക്ഷക്കണക്കിനാളുകൾ ജോലി ചെയ്യുന്ന, സിനിമാ/സീരിയൽ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് കണ്ണുമിലുള്ള ബീഡി തൊഴിലാളി സഹകരണ സംഘം വെൽഫെയർ ബോർഡുമായി ബന്ധപ്പെട്ടാണ് പെൻഷൻ കൊടുക്കുന്നത്. ഇതിൽനിന്നും വ്യത്യസ്തമായി സിനിമാ/സീരിയൽ രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റ് ബോയ്, പ്രൊഡക്ഷൻ ബോയ് മുതൽ പ്രൊഡ്യൂസർ, ഡയറക്ടർ, ഡിസ്ട്രിബ്യൂട്ടർ, തീയേറ്ററുടമ, തീയേറ്റർ തൊഴിലാളികളടക്കമുള്ളവരെ ഉൾപ്പെടുത്തി ഒരു ക്ഷേമനിധി രൂപീകരിക്കണം. അതിനായി കേരളത്തിലെ തീയേറ്ററുകളിൽ നിന്നും പിരിച്ചെടുക്കുന്ന സർവീസ് ചാർജിൽനിന്നും ഒരു തുക ശേഖരിച്ച്, ഉദാഹരണത്തിന് ഒരു രൂപ വീതം ടിക്കറ്റിൽനിന്നും കളക്ട് ചെയ്ത് ഫണ്ടായി ശേഖരിച്ച്, തിയേറ്ററുടമ നേതിട്ട് കെ.എസ്.എഫ്.ഡി.സി.-യിൽ ഏൽപ്പിക്കുന്ന സംവിധാനമുണ്ടായാൽ സിനിമാ പ്രവർത്തകരും തീയേറ്റർ ഉടമകളും കെ.എസ്.എഫ്.ഡി.സി.-യുമായി ബന്ധപ്പെടുന്ന ഒരു ബൃഹത്തായ ശൃംഖല തീർത്ത് ഒരു ക്ഷേമനിധി രൂപീകരിക്കാൻ കഴിയും. ഈ രീതിയിൽ അവശകലാകാരൻമാരേയും അതുമായി ബന്ധപ്പെട്ട എല്ലാപേരേയും സഹായിക്കാൻ വേണ്ടി ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: സർ, സിനിമാ സംഘടനകളുമായി നടത്തിയ ചർച്ചയിൽ ബഹുമാനപ്പെട്ട അംഗവും പങ്കെടുത്തിരുന്നു. അന്ന് അറിടെ ഉന്നയിച്ചത് സർവീസ് ചാർജ് വർദ്ധിപ്പിച്ച് തീയേറ്ററുകൾ ഒരു സഹായം ചെയ്യാമെന്നാണ്. സീരിയലിലെ അഭിനേതാക്കളും അതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരാണ്. സീരിയലുകൾ എടുക്കുന്ന പ്രൊഡ്യൂസർമാരും അതിലെ നടീനടൻമാരും അതിലെ സാങ്കേതിക പ്രവർത്തകരുമെല്ലാം ഗവൺമെന്റുമായി സഹകരിക്കാൻ തയ്യാറാണെങ്കിൽ—അവരുടെ കോൺട്രിബ്യൂഷനില്ലാത്ത ഒരു നിധിയുണ്ടാക്കാൻ കഴിയില്ല, ഇതൊരു പുതിയ മേഖലയാണ്—അവർ തയ്യാറായി മുന്നോട്ടുവന്നാൽ ഗവൺമെന്റ് ഇക്കാര്യം വളരെ അനുകൂലമായി പരിഗണിക്കുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ: സർ, കഴിഞ്ഞ ഒരാഴ്ചക്കാലത്തിനുമുമ്പ് സിനിമാ രംഗത്തുണ്ടായ പ്രതിസന്ധിയെത്തുടർന്ന് കേരളത്തിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. എന്റർടെയിൻമെന്റ് ടാക്സിനത്തിൽത്തന്നെ ചുരുങ്ങിയത് 10 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് റിപ്പോർട്ടുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത്. സിനിമാ രംഗം ഇന്ന് തമിഴ്നാട്ടിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇത്തരം പരിതഃസ്ഥിതിയിൽ നമ്മുടെ സംസ്ഥാനത്തെ സിനിമാ വ്യവസായത്തെ പരിപോഷിപ്പിക്കത്തക്കവിധത്തിൽ, ഈ രംഗത്തെ എല്ലാ കാര്യങ്ങളും പ്രതിപാദിച്ചുകൊണ്ട് ഒരു വ്യക്തമായ ചലച്ചിത്ര നയം രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, നയം രൂപീകരിക്കാൻ തടസ്സമില്ല. രൂപീകരിക്കുന്നതിന് തയ്യാറാണ്. ഇപ്പോൾത്തന്നെ ഗവൺമെന്റ് എടുത്തിരിക്കുന്ന സമീപനം, ചലച്ചിത്ര വ്യവസായം പരിപോഷിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്, അവർ ഉന്നയിച്ച നിർദ്ദേശങ്ങൾ നമ്മൾ സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഫിലിം ഒരു ഇൻഡസ്ട്രിയായി പ്രഖ്യാപിക്കണമെന്നും പലതരത്തിലുള്ള ബാങ്ക് ആനുകൂല്യങ്ങളും മറ്റ് ആനുകൂല്യങ്ങളും കിട്ടണമെന്നും ഉള്ള ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്. കേരളത്തിലെ സിനിമാ വ്യവസായത്തെ പരിപോഷിപ്പിക്കുന്നതിന് അതൊരു വ്യവസായമായി അംഗീകരിക്കുന്ന കാര്യമുൾപ്പെടെ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അവർക്ക് ചില സഹായങ്ങൾ നൽകേണ്ടതുണ്ട്, സിനിമാ രംഗത്തുള്ള പ്രതിസന്ധിമൂലം നമുക്ക് കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കൂടുതൽ നഷ്ടപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നു. അതിനാവശ്യമായ നയം രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)